## വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ

# ഊർജ സംരക്ഷണ വ്യവസ്ഥ കർശനമാക്കി

തിരുവനന്തപുരം● വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഊർജ സംരക്ഷണ വ്യവസ്ഥകൾ കർശനമാക്കി കെട്ടിട നിർമാണ മാനദണ്ഡം (ഇസിഎസ്ബിസി-2025) സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. കണക്ടഡ് ലോഡ് 100 കിലോവാട്ടിൽ കൂടുതലോ, കോൺട്രാക്ട് ഡിമാൻഡ് 120 കിലോ വോൾട്ട് ആംപിയറോ അതിലധികമോ ആയ വാണിജ്യ കെട്ടിടങ്ങൾക്കാണ് വ്യവസ്ഥകൾ ബാധകം. പൂർണമായി ശീതീകരിച്ച 1000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കും ഇതു ബാധകമാണ്. 1000 ചതുരശ്ര മീറ്ററിൽ താഴെ വിസ്തൃതിയുള്ള കെട്ടിടത്തിൽ പിന്നീട് കൂട്ടിച്ചേർക്കൽ ഉണ്ടായാലും ഇതു ബാധകമാകും. ലോഡ്ജ്, പ്രത്യേക പാർപ്പിട സമുച്ചയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മെഡിക്കൽ / ആശുപത്രി കെട്ടിടങ്ങൾ, കൺവൻഷൻ സെന്ററുകൾ, ഓഡിറ്റോറിയങ്ങൾ, ഓഫിസുകൾ, കച്ചവട / വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, മൾട്ടിപ്ലക്സ് കെട്ടിടങ്ങൾ, മാളുകൾ തുടങ്ങിയവയാണ് ഈ പരിധിയിൽ വരുന്നത്. കെട്ടിടങ്ങൾക്കു കൂടുതൽ ഊർജക്ഷമമായ രൂപകൽപന വേണം. ഓരോ ഇലക്ട്രിക് ഉപകരണത്തിനും നിശ്ചിത മാനദണ്ഡങ്ങൾ നിർദേശിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമാണ പെർമിറ്റ് നേടുന്നതിനു മുൻപ് ഇസിഎസ്ബിസി ചട്ടങ്ങൾ പാലിച്ചാണ് രൂപകൽപന നടത്തിയതെന്ന സർട്ടിഫിക്കറ്റ് നേടണം. നിലവിൽ എനർജി മാനേജ്മെന്റ് സെന്ററിനു കീഴിലുള്ള ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പെർട് (ബിഇഇ) ഗ്രൂപ്പ് ആണ് രൂപകൽപന പരിശോധിച്ച് ഉറപ്പാക്കുന്നത്. സംസ്ഥാനത്താകെ 47 പേരാണ് ഈ ഗ്രൂപ്പിലുള്ളത്.

ഊർജക്ഷമത, സുസ്ഥിരതാ ചട്ടങ്ങൾ പാലിച്ചാണോ കെട്ടിടങ്ങൾ രൂപകൽപന നടത്തിയത് എന്നു പരിശോധിക്കാനുള്ള വിദഗ്ധർക്കായി കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ പരീക്ഷ നടത്തി എനർജി ഓഡിറ്റർ ബിൽഡിങ് എന്ന ലൈസൻസ് നൽകാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ചട്ടങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എൻജിനീയർമാർക്കു പരിശീലനം നൽകി. വിവരങ്ങൾക്ക്: https://keralaenergy.gov.in/